ഇഹ്സാൻ

# ആഗോള വിദൂഷകനും കിടക്കട്ടെ നോബൽ സമ്മാനം

**അമേരിക്കൻ** പ്രസിഡന്റ് ബറാക് ഒബാമക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകാനുള്ള തീരുമാനം പുറത്തുവന്ന് പത്ത് ദിവസത്തിനിടയിലാണ് അമേരിക്കൻ അധിനിവേശം ആരംഭിച്ചതിനു ശേഷം ഇറാഖിൽ കൊല്ലപ്പെട്ടവരുടെ എണ്ണത്തെ കുറിച്ച് ആദ്യത്തെ ഔദ്യോഗിക റിപ്പോർട്ട് പുറത്തുവന്നത്. സർക്കാർ തലത്തിൽ തയാറാക്കിയ ഈ റിപ്പോർട്ടിൽ പോലും 85,694 ഇറാഖികൾ വധിക്കപ്പെട്ടതായി സമ്മതിച്ചിട്ടുണ്ട്. അമേരിക്കയുടെ ക്വട്ടേഷൻ തെമ്മാടികളായ 'ബ്ലാക്‌വാട്ടർ' സംഘങ്ങളും വൈറ്റ്കോളർ കൊലയാളികളായ മറീനുകളുമാണ് ഇറാഖികളെ കൊന്നുമുടിച്ചതിൽ മുമ്പിൽ നിന്നവരെങ്കിലും ചാവേർ സ്ഫോടനങ്ങളിൽ കൊല്ലപ്പെട്ടവരുടെ കണക്കിലാണ് ഇറാഖി സർക്കാർ കൂടുതൽ ഊന്നിയത്. 2003-ൽ ആരംഭിച്ച അമേരിക്കൻ അധിനിവേശത്തിൽ എത്രപേർ കൊല്ലപ്പെട്ടു എന്നതിനെ കുറിച്ച ഇനംതിരിച്ച കണക്കുകൾ സ്വാഭാവികമായും ഇതിലില്ല. യുദ്ധത്തെ കുറിച്ചല്ല ആഭ്യന്തര കലാപത്തെ കുറിച്ച് റിപ്പോർട്ടവതരിപ്പിക്കാനാണ് വാഷിംഗ്ടണിൽ നിന്നും നൂരി മാലിക്കി സർക്കാറിന് അനുവാദം കിട്ടിയിട്ടുള്ളതെന്ന് തോന്നുന്നു. വെറും ആറ് വർഷം കൊണ്ട് 86,000 പേരെ ഭൂമുഖത്ത് നിന്നും തുടച്ചു നീക്കിയ ഈ ഏർപ്പാടിനെ അമേരിക്കൻ നേതൃത്വത്തിൽ നടക്കുന്ന ജനാധിപത്യ പുനഃസംസ്ഥാപനമെന്നാണ് പൊതുവെ വിശേഷിപ്പിക്കപ്പെടാറുള്ളത്. ഇതിന്റെ അഞ്ചിരട്ടി കാലം ഇറാഖിനെ ഭരിച്ച സദ്ദാം ഹുസൈന്റെ കാലത്ത് കൊല്ലപ്പെട്ടവരുടെ കണക്ക് ആരെങ്കിലും പുറത്തുവിട്ടാൽ കാണാം ചിത്രം. ഹിറ്റ്ലറുടെ കാലത്ത് കൊല്ലപ്പെട്ടുവെന്ന് പറയുന്ന ജൂതൻമാരുടെ ഊതിപ്പെരുപ്പിച്ച കണക്കുകൾ പോലും ബുഷും ഒബാമയും ചേർന്ന് സ്ഥാപിച്ചുകൊണ്ടിരിക്കുന്ന ഈ 'ജനാധിപത്യ'ത്തിന്റെ 'മന്ദാകിനി'യോളം വരില്ല. അമേരിക്ക ഒരു രാജ്യമല്ല വ്യക്തിയാണെന്നാണ് ഫലത്തിൽ നോബൽ കമ്മിറ്റി സ്ഥാപിക്കാനൊരുങ്ങുന്നത്. അറ്റമില്ലാത്ത ശ്മശാനങ്ങളെ മറന്ന് ഒബാമക്ക് നോബൽ സമ്മാനം കൊടുക്കുമ്പോൾ ആൽഫ്രഡ് നോബലിന്റെ കല്ലറക്ക് ഡൈനാമിറ്റ് വെക്കുകയാണ് ഈ കമ്മിറ്റി ചെയ്തത്.

ഒബാമക്ക് നോബൽ കൊടുത്തതിനെ അമേരിക്കയിൽ ഏറ്റവുമധികം വിമർശിച്ചത് ജൂതലോബിയുടെ ജിഹ്വയായ 'ദ ഫോക്സ്' ചാനലായിരുന്നു! ഒബാമ ഹിറ്റ്ലറേക്കാൾ നീചനാണ് എന്നു പോലും ചാനലിലെ അവതാരകനായ ഗ്ളെൻ ബെക്ക് വിശേഷിപ്പിച്ചു. എന്തായിരുന്നു കാരണം? അമേരിക്കയിലെ ജൂതൻമാരുടെ ആശയാഭിലാഷങ്ങൾക്കൊത്ത് മുന്നോട്ടു പോകാൻ ഇയാൾക്കു കഴിയുന്നില്ലത്രെ. അതായത് ജോർജ് ബുഷിനെ പോലെ കഴുത്തിൽ കൊന്തയിട്ട് മനുഷ്യരക്തത്തിൽ നീന്തിത്തുടിക്കുമ്പോഴാണ് ഒബാമ ഫോക്സിന്റെ കണക്കിൽ അവധൂതനാകുന്നത്. അഫ്ഗാനിലും ഇറാഖിലും കൊന്നുകൂട്ടുന്നതിന്റെ അളവ് പോരെന്ന് ചുരുക്കം. ആയുധപ്പുരകൾക്ക് മടിശ്ശീലയുമായി കാവലിരിക്കുന്ന ജൂതലോബിക്ക് പോരെന്ന് തോ

ന്നുന്നതും എന്നാൽ അൽപ്പം ഭേദമുണ്ടെന്ന് സ്വീഡിഷ് പാർലമെൻറിന്റെ വിദഗ്ധ സമിതിക്ക് ബോധ്യപ്പെട്ടതുമായ ആ 'ഉണ്ണാമണുങ്ങ്' വ്യത്യാസത്തിന്റെ പേരാണ് ലോകസമാധാനം! അതിന്റെ പേരിൽ കിട്ടിയ ഡോളറുകൾ പാവങ്ങൾക്ക് വിതരണം ചെയ്യുമെന്ന് ഒബാമ പ്രഖ്യാപിക്കുക കൂടി ചെയ്തതോടെ എല്ലാമായി. ഫാദർ ഡാമിയനു ശേഷം വരുന്ന അടുത്തഘട്ടം പുണ്യവാളൻമാരുടെ പട്ടികയിലേക്ക് വൈറ്റ്ഹൗസിന് ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്. അഥവാ തരപ്പെട്ടാലോ?

അഫ്ഗാനിൽ നിന്നും ചോരക്കളി പാകിസ്താനിലേക്കു നീക്കാനുള്ള കെറി-ലുഗാർ ബില്ലിന് ഈ ലക്കം മാറ്റൊലി അടിച്ചുവരുമ്പോഴേക്കും ഒബാമ ഒപ്പുവെച്ചിട്ടുണ്ടാവും. പാകിസ്താനിലേക്ക് അമേരിക്കൻ ഭരണം വ്യാപിപ്പിക്കുന്നതിന് 7.5 ബില്യൻ ഡോളറാണ് (34500 കോടി രൂപ!)സാമ്പത്തിക മാന്ദ്യത്തിന്റെ ഈ ദുരിത കാലത്തും സെനറ്റ് പാസാക്കി കൊടുത്തത്. അമേരിക്കക്ക് ലോകത്ത് മറ്റൊരു രാജ്യത്തും ഇല്ലാത്തത്ര വലുപ്പത്തിലാണ് പുതിയൊരു എംബസി കെട്ടിടം ഇസ്ലാമാബാദിൽ പണിയാരംഭിച്ചിട്ടുള്ളത്. ഉറുദുവും പഞ്ചാബിയും സംസാരിക്കാനറിയുമെങ്കിൽ പാകിസ്താനിലിപ്പോൾ നിങ്ങൾക്ക് ലഭിക്കാവുന്ന ഏറ്റവും കൂടിയ ശമ്പളത്തിന്റെ ജോലി ബ്ളാക് വാട്ടർ വാടകക്കൊലയാളിയുടേതാണ്. ഒബാമയുടെ 'നയതന്ത്ര' കാര്യാലയത്തിൽ നിന്നും 300 ഉദ്യോഗസ്ഥന്മാർ ഈ റിക്രൂട്ട്മെന്റിനായി പാകിസ്താനിൽ ഇറങ്ങിനടക്കുന്നുണ്ടെന്നാണ് മാധ്യമ റിപ്പോർട്ടുകൾ.

ആഗോള സമാധാന പുരസ്കാരത്തിന്റെ പുതിയ ജേതാവിന് ഇനി ചൈനയിലേക്കാണ് പോകാനുള്ളത്. അതങ്ങനെയാണ്. സമാധാനത്തിന്റെ വക്താക്കൾ ഒരിക്കലും മുൻഗാമികളുടെ വഴിയിലൂടെയല്ലാതെ നടക്കരുതെന്നാണ് അമേരിക്കയിലെ അറിയപ്പെടുന്ന 'സമാധാനി' ആയിരുന്ന ജോർജ് ബുഷും അങ്ങോരുടെ അപ്പൻ വല്യ ഡബ്ള്യു ബുഷും പറഞ്ഞുവെച്ചിട്ടുള്ളത്. ഈയടുത്ത കാലത്ത് വാർത്തയിൽ നിറഞ്ഞ 'ഗാന്ധിജി'യുടെ ജൻമസ്ഥലമായ ഒരു രാജ്യം വഴിയിൽ കിടക്കുന്നുണ്ട്. മറീനുകൾക്കും ബ്ലാക് വാട്ടറുകൾക്കും കക്കൂസിൽ പോകാൻ പറ്റിയ ഇടത്താവളം! വെറുതെ അങ്ങനെ പോയിട്ടു കാര്യമില്ലല്ലോ. 'മൊട കണ്ടാൽ ഇടപെടുക' എന്നതാണ് സമാധാനമുണ്ടാക്കുന്നവന്റെ ഒരു രീതി. സമാധാനദൂതുമായി ഇറാഖ്, അഫ്ഗാൻ വഴി പാകിസ്താനിലേക്ക് അമേരിക്കൻ പുംഗവൻമാർ എത്തിയതേയുള്ളൂ. അപ്പോഴേക്കും പാക് അധീന കശ്മീരിൽ ചൈനക്കാരൻ കളി തുടങ്ങി. നോക്കണേ! 'മൊടയുണ്ടാക്കൽ ഉൽസാഹക്കമ്മിറ്റി' എന്നോ സി.ഐ.എ എന്നോ വിളിക്കാവുന്ന കൂട്ടർ ആ വഴിക്ക് ചിന്തിച്ചിട്ടു പോലുമില്ല! എന്നിട്ടും ചൈനക്കാരന്റെ പാലംപണിയും ക്യാമ്പ്കെട്ടലുമൊക്കെ ബഹുജോർ. കാച്ചിലു പോലെ വല്ലാത്തൊരു രൂപമാണ് ഭൂപടത്തിൽ ഈ ചൈന. ഇപ്പുറത്തൊരു കുത്തുകൊടുത്താൽ അപ്പുറത്തേക്ക് അമീബയെ പോലെ ഉരുണ്ടുകൂടും. ഒരു തലക്ക് മുസഫറാബാദിൽ മാത്രം സമാധാനമുണ്ടാക്കിയിട്ടു കാര്യമില്ല. ഇപ്പുറത്ത് അരുണാചൽ പ്രദേശിന്റെ ദിക്കിലുമുണ്ട് അവൻമാരുടെ ഒരു വാൽ. ബർമ്മ വളരെ അടുത്തുമാണേ! മിസോറാമിൽ ചൈനയെ മുന്നിൽ കണ്ട് നേരത്തെ തന്നെ ഒരു ദുർഗുണപരിഹാരപാഠശാല തുറന്നുവെച്ചിട്ടുണ്ടെങ്കിലും അതൊന്നും കണ്ട് പീളക്കണ്ണൻമാർ ഭയന്ന മട്ടില്ല. പക്ഷേ പ്രതീക്ഷയാണ് എല്ലാ സമാധാന ശ്രമങ്ങളെയും മുന്നോട്ടു കൊണ്ടുപോകുന്നത്. ഐക്യരാഷ്ട്രസഭയും മൻമോഹൻ സിംഗുമുള്ളിടത്തോളം കാലം ചൈനയിലെയും പാകിസ്താനിലെയും സമാധാന ശ്രമങ്ങളും ഈ പാവം ഒബാമയും മുന്നോട്ടു പോവാതിരിക്കുമോ? ■